ചെയ്യാവുന്നതുമാണ്. ദേശസാൽകൃത ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചാണ് ഇടപാട് നടത്തുന്നതെങ്കിൽ തൊട്ടടുത്ത ദിവസം തന്നെ തുക ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്. കാർഡ്/ഷെഡ്യൂൾഡ് ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം, UPI എന്നിവ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയാണെങ്കിൽ രണ്ടാം ദിവസം മാത്രമേ ബാങ്കിൽ നിന്നും തുക ട്രഷറിക്ക് ലഭിക്കുകയുള്ളൂ. പ്രസ്തുത ഫണ്ട് ട്രാൻസ്ഫർ ട്രഷറിയിൽ കൺഫേം ചെയ്യുന്നതോടെ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതാണ്.

(ഡി) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് നൽകാനുദ്ദേശിക്കുന്ന എ.ടി.എം. ഉപയോഗിച്ച് എല്ലാ ബാങ്ക് എ.ടി.എം. കളിൽ നിന്നും പണം പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയുമോ; വിശദാംശങ്ങൾ നൽകുമോ?

ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല.

ടി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ

92(3523) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡുകൾ നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് ഡെബിറ്റ് കാർഡ് നൽകുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഓൺലൈൻ മുഖേന ട്രഷറിയിലേക്ക് പണം നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക PAYMENT GATEWAY ആയ ഇ-ട്രഷറി ആപ്ലിക്കേഷൻ മുഖാന്തരം സർക്കാരിന്റെ എല്ലാ വിധ ELECTRONIC FUND SETTLEMENT-കളും നടത്തുവാൻ കഴിയുന്നു. സർക്കാർ വകുപ്പുകളിലേയ്ക്ക് ചെല്ലാൻ വഴി പണമടയ്ക്കുവാൻ ഇ-ട്രഷറി വളരെ സൗകര്യപ്രദമാണ്. 65

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകളുടെ നെറ്റ്ബാങ്കിങ് സൗകര്യം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേയ്മെന്റ്, UPI, e-POS സൗകര്യങ്ങൾ ലഭ്യമാണ്. പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വിവിധ ഓഫീസുകൾ സന്ദർശിക്കുന്നത് ഒഴിവാക്കുന്നതിനായി മറ്റ് വകുപ്പുകളിലെ ആപ്ലിക്കേഷനുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുവാൻ പര്യാപ്തമാണ്. ഇ-ട്രഷറിയിൽ 24*7 സമയം സേവനം ലഭ്യമാണ്.

ഭാഗ്യക്കുറി മേഖലയിൽ നവീകരണം

93(3524) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിന് ആളുകൾ വരുമാനമാർഗ്ഗമായി കാണുന്ന സംസ്ഥാന ലോട്ടറിയെ നവീകരിച്ച് കൂടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ലോട്ടറിയുടെ ഘടന കൂടുതൽ സമ്മാനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര, ബമ്പർ പ്രതിമാസ ഭാഗ്യക്കുറികളുടെയും സമ്മാനഘടന 2021 മാർച്ച് മാസം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണം 12960 അധികമായി വർദ്ധിപ്പിച്ചും, സമ്മാന വിഹിതം നിലവിലുണ്ടായിരുന്ന 58.5% ത്തിൽ നിന്നും ഏകദേശം 60% വരെ വർദ്ധനവ് വരുത്തിയും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 12% ആയി വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും, ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയുമാണ് സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്.

(സി) ബംബർ ഭാഗ്യക്കുറി മാതൃകയിൽ കൂടുതൽ ഒന്നാം സമ്മാനങ്ങൾ നൽകുന്നതരത്തിൽ പുതിയ ഭാഗ്യക്കുറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള 6 ബമ്പർ ഭാഗ്യക്കുറികൾക്കും ഒന്നാം സമ്മാനം ഒരെണ്ണം മാത്രമാണ് നൽകി വരുന്നത്. പ്രതിമാസ ഭാഗ്യക്കുറിയായ ഭാഗ്യമിത്രയ്ക്ക് ഒരു കോടി വീതം 5 ഒന്നാം സമ്മാനങ്ങൾ നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly